മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 20

# വാർത്താക്കുറിപ്പ്

---

## അസി. ഡയറക്ടർ -കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല സെന്റർ ഫോർ ഓൺലൈൻ എഡ്യുക്കേഷൻ / ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് എന്നിവയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് താത്കാലിക / കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പൊതു വിഭാഗത്തിലുള്ള ഒരൊഴിവിലേക്ക് എം.ടെക്ക് /എം.സി.എ. / എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് യോഗ്യതയും അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവുമുള്ളവരെയാണ് പരിഗണിക്കുക. കൂടാതെ, ഡാറ്റാ അനലിറ്റിക്സ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ് , ക്ലൗഡ് കംപ്യൂട്ടിംഗ് ബ്ലോക് ചെയിൻ തുടങ്ങിയവയിലുള്ള വൈദഗ്ധ്യവും മാനേജ്മെൻ്റ് തലത്തിലുള്ള അക്കാദമിക യോഗ്യതയും ജോലിയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിലുള്ള പരിജ്ഞാനവും അഭികാമ്യ യോഗ്യതകളായി കണക്കാക്കും.. അപേക്ഷകരുടെ പ്രായം 2022 ജനുവരി ഒന്നിന് 45 വയസ്സ് കവിയരുത്. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 50,000 രൂപയാണ്. താത്പര്യമുള്ളവർക്ക് മെയ് നാലിനകം coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/468/2022)

## ഡപ്യൂട്ടി ഡയറക്ടർ - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല സെന്റർ ഫോർ ഓൺലൈൻ എഡ്യുക്കേഷനിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് താത്കാലിക / കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പൊതു വിഭാഗത്തിലുള്ള ഒരൊഴിവിലേക്ക് ഏതെങ്കിലും വിഷയത്തിൽ 55 ശതമാനത്തിൽ കുറയാതെ മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും പി.എച്ച്.ഡി.യും, എട്ട് വർഷത്തിൽ കുറയാത്ത അധ്യാപന പരിചയവും സർവ്വകലാശാലാതലത്തിൽ അക്കാദമിക ബിരുദങ്ങൾ നൽകുന്ന മേഖലയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ ഭരണപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകരുടെ പ്രായം 2022 ജനുവരി ഒന്നിന് 65 വയസ്സ് കവിയരുത്. പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 60,000 രൂപയാണ്. താത്പര്യമുള്ളവർക്ക് മെയ് നാലിനകം coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ സമർപ്പിക്കാം. അഭികാമ്യ യോഗ്യത, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിശദവിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/469/2022)

## പുതുക്കിയ ടൈം ടേബിൾ

രണ്ടാം സെമസ്റ്റർ എം.ലൈബ്.ഐ.എസ്.സി. (2020 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ

ക്ലാസിഫിക്കേഷൻ, നോളഡ്ജ് ഓർഗനൈസേഷൻ - ലൈബ്രറി കാറ്റലോഗിംഗ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ കൂടി ഉൾപ്പെടുത്തി. പ്രാക്ടിക്കൽ പരീക്ഷകൾ മെയ് നാല്, അഞ്ച് തീയതികളിൽ നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/470/2022)

## പരീക്ഷകൾ മെയ് നാല് മുതൽ

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ.- എൽ.എൽ.ബി. (ഓണേഴ്സ്) 2017 അഡ്മിഷൻ - റെഗുലർ / 2016 അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷകൾ മെയ് നാലിന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 25 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ 26 നും 1050 സൂപ്പർഫൈനോടു കൂടി ഏപ്രിൽ 27 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ (പരമാവധി 210 രൂപ) നിരക്കിലും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/471/2022)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്.- സൈബർ ഫോറൻസിക് (2013-2016 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്), (2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകൾ മെയ് 11 ന് ആരംഭിക്കും.

(പി.ആർ.ഒ./39/472/2022)

ഒന്ന്, രണ്ട് സെമസ്റ്റർ ബി.എ./ ബി.കോം. (സി.ബി.സി.എസ്.എസ്. 2017 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി / 2012, 2013 അഡ്മിഷനുകൾ - മേഴ്സി ചാൻസ്) (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ മെയ് നാലിന് ആരംഭിക്കും.

(പി.ആർ.ഒ./39/473/2022)

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടന്ന രണ്ടാം വർഷ ഫിസിയോതെറാപ്പി (2008 മുതലുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി മെയ് നാല്.

(പി.ആർ.ഒ./39/474/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ